**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4723** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ ടെൻഡർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ എം വിൻസെൻറ് , ശ്രീ. ടി. ജെ. വിനോദ്, ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് ടെൻഡർ നടപടികളില്ലാതെ സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ പേരും തുകയും ഏജൻസികളുടെ പേരും ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർ നടപടികളില്ലാതെ പ്രവൃത്തികളൊന്നും സർക്കാർ ഏജൻസികൾക്ക് നൽകിയിട്ടില്ല.** |
| (ബി) | വകുപ്പിന്റെ പ്രവൃത്തികൾ ടെൻഡറില്ലാതെ ഇത്തരം ഏജൻസികൾക്ക് നൽകുന്നതുമൂലം വകുപ്പിന് എന്തെല്ലാം നേട്ടങ്ങളാണുള്ളത്; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (ബി) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർ നടപടികളില്ലാതെ പ്രവൃത്തികളൊന്നും സർക്കാർ ഏജൻസികൾക്ക് നൽകിയിട്ടില്ല.** |
| (സി) | അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്; ഓരോ പ്രവൃത്തിക്കും ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ; | (സി) | **അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നതിനുള്ള മാനദണ്ഡവും ഓരോ പ്രവൃത്തിയ്ക്കും ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമവും 28/04/2021-ലെ ജി.ഒ(പി)നം.67/2021/ഫിൻ, 17/01/2022-ലെ ജി.ഒ.(പി)നം.07/2022/ഫിൻ എന്നീ സർക്കാർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം.I, അനുബന്ധം.II ആയി ചേർക്കുന്നു.** |
| (ഡി) | പൊതുമരാമത്ത് വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും ഏതെല്ലാം ഏജൻസികൾക്കും കമ്പനികൾക്കും എത്ര തുക വീതം നൽകിയെന്നുമുള്ള വിശദ വിവരം ലഭ്യമാക്കുമോ? | (ഡി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ആർ.ബി.ഡി.സി.കെ-യുടെ 10 മേൽപ്പാലങ്ങൾ ഒരു പാക്കേജിൽ ഉൾപ്പെടുത്തി സ്റ്റീൽ കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ചറായി നിർമ്മിക്കുന്ന പദ്ധതിയ്ക്ക് കോൺട്രാക്ട് നിബന്ധന പ്രകാരം 5% ആയ 12,57,40,637/- രൂപ M/s SPL Infrastructure Pvt Ltd എന്ന സ്ഥാപനത്തിന് മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്.<br><br>ലോകബാങ്കിന്റെയും, ജർമ്മൻ ബാങ്കിന്റെയും ധനസഹായത്തോടെ കെ.എസ്സ്.ടി.പി നടപ്പാക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾക്കെല്ലാം കരാർ വ്യവസ്ഥ പ്രകാരം പത്ത് ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് കരാറുകാരന് നൽകുന്നുണ്ട്. വിശദവിവരം അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ